മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

1-10-2018 to 31-03-2019

വാർഡ്- 18

എടവക ഗ്രാമ പഞ്ചായത്ത്

വയനാട് ജില്ല

ആമുഖം,

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട എടവക ഗ്രാമപഞ്ചായത്തിലെ പതിനെട്ടാം വാർഡ് ആയ അയിലമൂല പ്രദേശത്തെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാകിയ 18പ്രവൃത്തികൾ ആണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്

പ്രവൃത്തികൾ

| നമ്പർ | പ്രവൃത്തിയുടെ കോഡ് | പ്രവൃത്തിയുടെ പേര് | ആരംഭിച്ച തിയ്യതി | എസ്റ്റിമേറ്റ് തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 1603002001/RC/272598 | 18 വാര്ഡ് അഞ്ചാംപീടിക പള്ളിഭാഗം റോഡ് കോൺക്രീറ്റ് | 31/12/18 | 500000 | 469925 |
| 2 | 1603002001//IF/385715 | 18വാര്ഡ് തൊഴുത്ത് നിർമാണം സജി പൊട്ടക്കൽ | 14/3/19 | 73100 | 71777 |
| 3 | 1603002001/IF/390762 | 18വാര്ഡ വില്ലജ് ഭവന പദ്ധതി മാധവൻ കണിയാർകുടിയിൽ | 2/3/19 | 42640 | 24390 |

| | | | | | |
|---|---|---|---|---|---|
| 4 | 1603002001/IF/324506 | 18വാർഡ് വയൽകുളം ഷാജി കിഴക്കേ കാലായിൽ | 18/03/2019 | 75486 | 72605 |
| 5 | 1603002001//LD/249892 | 18വാർഡ് ST കോളനി ഭൂവികസനം | 14/9/2018 | 263800 | 220265 |
| 6 | 1603002001/LD/236209 | 18വാർഡ് ഫാം ബണ്ടിങ് ആശാൻ കവല | 14/9/18 | 385085 | 363785 |
| 7 | 1603002001/LD/236612 | 18വാർഡ് ഫാം ബണ്ടിങ് മക്കോലികവല | 14/09/2019 | 385085 | 361853 |
| 8 | 1603002001/LD/236211 | 18വാർഡ് ഫാം ബണ്ട് അയില മൂല | 14/9/2019 | 385085 | 293129 |
| 9 | 1603002001/LD/236204 | 18വാർഡ് ഫാം ബണ്ട് അഞ്ചംപീടിക | 7/2/2019 | 385085 | 103241 |
| 10 | 1603002001/LD/236199 | 18വാർഡ് ഫാം ബണ്ട് കാവട്ടു കുഴി | 11/9/18 | 385085 | 375101 |
| 11 | 1603002001 /LD/236187 | 18വാർഡ് ഫാം ബണ്ടിങ് പാതിരിച്ചാൽ | 14/3/18 | 385085 | 350546 |
| 12 | 1603002001/LD/236191 | 18വാർഡ് ഫാംബണ്ടിംഗ് കല്ലോടി | 3/03/18 | 385085 | 125873 |
| 13 | 1603002001/LD/236195 | 18വാർഡ് ഫാം ബണ്ടിംഗ് കുണ്ടിച്ചിറ | 17/09/2018 | 385085 | 363785 |
| 14 | 1603002001/LD/236198 | 18വാർഡ് ഫാം ബണ്ടിംഗ് മടത്തുംകുന്ന് | 18/09/2018 | 385085 | 264425 |
| 15 | 1603002001/IF/402 | 18വാർഡ് കുളം | 14/3/19 | 73100 | 71777 |

| | | | | | |
|---|---|---|---|---|---|
| | 150 | നിർമാണംഗൗത മൻ കുനിയിൽ | | | |
| | | | | | |

തൊഴിലാളികൾക്കുള്ള അവകാശങ്ങളും കണ്ടെത്തലുകളും

- തൊഴിൽ കാർഡിന് അപേക്ഷിക്കുവാനും അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ കാര്ഡ് ലഭിക്കുന്നതിനും ഉള്ള അവകാശം.

  - നിലവിൽ അപേക്ഷിച്ചവര്ക്കെല്ലാം തന്നെ സമയബന്ധിതമായി കാര്ഡ് ലഭിച്ചിട്ടുണ്ട്.
- തൊഴിലിന് അപേക്ഷിക്കുന്നതിനുള്ള അവകാശം
  - തൊഴിലാളിക്ക് തൊഴിൽ ആവശ്യമുള്ള സമയങ്ങളിൽ തൊഴിലാളികൾ തൊഴിലിന് അപേക്ഷിച്ചിട്ടില്ല.
- തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളില് തൊഴിൽ ലഭിച്ചില്ല എങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം
  - തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചതിനാൽ തൊഴിലില്ലായ്മ വേതനം ലഭിച്ചിട്ടില്ല
- തൊഴിൽ ചെയ്തു 15 ദിവസത്തിനുള്ളിൽ വേതനം ലഭിച്ചില്ല എങ്കിൽ നഷ്ടപരിഹാരത്തിനുള്ള അവകാശം(ദിവസ വേതനത്തിൻറെ 0.05%)
- തൊഴിലിടങ്ങളിൽ കുടിവെള്ളം,തണൽ,വിശ്രമം,പ്രഥമ ചികിൽസ സൗകര്യം എന്നിവ ലഭിക്കാനുള്ള അവകാശം
  - തൊഴിലിട സൗകര്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.
- സര്ക്കാർ അനുവദിക്കുന്ന മിനിമം വേതനം ലഭിക്കുന്നതിനുള്ള അവകാശം

- സർക്കാർ അനുവദിച്ച വേതനം കൃത്യമായി ലഭിക്കുന്നുണ്ട്

➢ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ആസൂത്രണ പ്രക്രീയയിൽ ഇടപെടുന്നതിനുമുള്ള അവകാശം
  - ഈ അവകാശം വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താൻ തൊഴിലാളികൾക്ക് സാധിച്ചിട്ടില്ല.

➢ താമസസ്ഥലത്തിന് 5 കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭിക്കുന്നതിനുള്ള അവകാശം
  - നിലവിൽ 5 കിലോമീറ്റർ ദൂരത്തിനപ്പുറം ആരും തന്നെ പ്രവൃത്തി എടുക്കുന്നില്ല.

➢ 5 വയസ്സിൽ താഴെപ്രായമുള്ള 5 കുട്ടികളിൽകൂടുതൽ തൊഴിൽ സ്ഥലത്തുണ്ടെങ്കിൽ ആയയുടെ സേവനം ലഭിക്കാനുള്ള അവകാശം
  - ഇതുവരെ അങ്ങിനെയുള്ള സാഹചര്യം ഇല്ലാത്തതിനാൽ ഈ അവകാശം ഉപയോഗപ്പെടുത്താൻ സാധിച്ചില്ല.

➢ സാമൂഹിക പരിശോധന നടത്തുന്നതിനും പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുമുള്ള അവകാശം
  - ഒരു പരാതിയും ഇതുവരെ നൽകിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കാവുന്ന പ്രവൃത്തികൾ

വിഭാഗം എ: പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ

1. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗര്ഭ ജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ തടയണകള്മണ്ണ് തടയണകൾ ,അണകെട്ട് ,ചെക്ക്ഡാമുകൾ തുടങ്ങിയ

ജലസംരക്ഷണത്തിനും,ജലകൊയ്ത്തിന്നും സഹായകകരമായ നിര്മിതികൾ .

2. ഓരോ നീർത്തടത്തിന്റെയുംസമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകൾ.
3. കൊണ്ടൂർ ട്രഞ്ചുകൾ ,തട്ടുതിരിക്കൽ, കോണ്ടൂർ ബണ്ടുകൾ , കല്തട യണകൾ,ഗ്യാബിയോൺ നിർമിതികൾ,നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീര്ത്തട പരിപാലന പ്രവൃത്തികൾ,
4. സൂഷ്മ –ചെറുകിട ജലസേചന പ്രവൃത്തികളും തൊടുകൾ/കനാൽ എന്നിവയുടെ നിർമ്മാണം,പുനരുദ്ധരണം,മെയിന്റനൻസ് എന്നീ പ്രവൃത്തികളും.
5. ജല സേചന കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധരണവും.
6. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും ,വനഭൂമിയിലും,മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും.ഇവയിൽനിന്നു ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക5 ൽ പരമർശിക്കുന്ന കുടുംബങ്ങൾക്ക് നൽ കേണ്ടതാണ്.
7. പൊതു ഭൂമിയിലെ വികസന പ്രവൃത്തികളും.

വിഭാഗം-ബി: സമൂഹത്തില് അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ(ഖണ്ഡിക 5 ൽ പരമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

1. ഖണ്ഡിക 5 ൽ പരമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂ വികസനവും,കിണറുകൾ,കുളങ്ങൾ,മറ്റ്ജല കൊയ്ത്ത് നിർമ്മിതികൾഎന്നിവ ഉൾപ്പെടെയുള്ളജല സേചനത്തിനാവശ്യമായ അടിസ്ഥാനസൌകര്യങ്ങൾ ലഭ്യമാക്കൽ,
2. പഴകൃഷി,പട്ടുനൂൽകൃഷി,തോട്ട വിള കൃഷിഫാം ഫോറേസ്ട്രി എന്നിവയിലൂടെആജീവനം മെച്ചപ്പെടുത്തൽ.
3. ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/പാഴ്ഭൂമി വികസിപ്പിച്ച്കൃഷിക്ക് അനുയോജ്യമാക്കൽ,
4. പ്രധാന മന്ത്രി ആവാസ് യോജന പ്രകാരമോ കേന്ദ്ര/സംസ്ഥാന സർക്കാരുകള് ആവിഷ്ക്കരിക്കുന്ന മറ്റ് ഭാവന നിർമാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം,
5. മൃഖ പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൌകര്യങ്ങൾ ആയ കോഴിക്കൂട്,ആട്ടിൻകൂട്,തൊഴുത്ത്,പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണവും
6. മത്സ്യ ബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൌകര്യങ്ങൾ ആയ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ,മത്സ്യം സൂക്ഷിയ്ക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷക്കാലത്ത് മാത്രം വെള്ളം ലഭിക്കുന്ന പൊതു കുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൌകര്യം ഒരുക്കലും,

വിഭാഗം-സി : ദേശീയ ഗ്രാമീണഉപജീവന മിഷൻറെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൌകര്യങ്ങൾ

1. കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൌകര്യം ഉൾപ്പെടെ ഉള്ള വിടവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൌകര്യങ്ങൾ,ജൈവ വലം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൌകര്യങ്ങൾ സൃഷ്ട്ടിക്കുക വഴി കർഷികോത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും,
2. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡുകളുടെ നിർമ്മാണവും.

വിഭാഗം-ഡി : ഗ്രാമീണ അടിസ്ഥാന സൌകര്യങ്ങൾ

1. നിര്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ്യ മാലിന്യ സംസ്ക്കരണത്തിനും,തുറസ്സായ സ്ഥലങ്ങളിൽ മല മൂത്ര വിസ്സർജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സര്ക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകൾ ,സ്കൂൾ ടോയിലെറ്റുകൾ,അങ്കണവാടി ടോയിലെറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ.
2. ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങളെയും നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും,ഓടകൾ കലുങ്കുകൾ

എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും നിർമ്മാണവും,

3. കളി സ്ഥലങ്ങളുടെ നിർമ്മാണവും,
4. വെള്ള പ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ,വെള്ള ക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജല നിർഗമന പ്രവൃത്തികൾ,മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതു സ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ,തീര പ്രദേശത്തെ സംരക്ഷണത്തിന്നായുള്ള സ്റ്റോം വാട്ടർ ഡ്രയിനുകൾ എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൌകര്യങ്ങൾ,റോഡുകളുടെ പുനരുദ്ധരണം, ദുരന്ത പ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും,
5. ഗ്രാമ പഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ,കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയ കേന്ദ്രങ്ങൾ,അങ്കണ വാടി കേന്ദ്രങ്ങൾ,ഗ്രാമീണ ചന്തകൾ എന്നിവയ്ക്ക് ആവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും,ഗ്രാമ /ബ്ളോക്ക് തല ശ്മശാനങ്ങളുടെ നിർമ്മാണവും,
6. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യ ധാന്യ ശംബരണികളുടെ നിർമ്മാണവും,
7. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൻറെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉൽപാദനവും.
8. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്ക പെട്ട പൊതു ആസ്തികളുടെ അറ്റകുറ്റപണികളും,

9. ഇത് സംബന്ധിച്ചു സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്ര സർക്കർ വിജ്ഞപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

**ഫയൽ പരിശോധനയും കണ്ടെത്തലുകളും**

കവർപേജ്

- ആനുവൽ മാസ്റ്റര് സർക്കുലർ അനുസരിച്ചു ഓരോ ഫയലിലും കവർപേജ് ഉണ്ടായിരിക്കേണ്ടതാണ്. പതിനെട്ടാം വാര്ഡിൽ സോഷ്യൽഓഡിറ്റിന് വിധേയമാകിയ 15ഫയലുകളിലും കവർ പേജുകൾ ഉണ്ടായിരുന്നു.സാങ്കേതിക ജി.പിഎസ് ലൊകേഷൻ,സാങ്കേതിക വിദഗ്ദ്ധന്റെ ഒപ്പ്,സോഷ്യൽ ഓഡിറ്റ് നടന്ന തിയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല

ചെക്ക് ലിസ്റ്റ്

- ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ചു ഓരോ ഫയലിലും രേഖകളുടെ ചെക്ക് ലിസ്റ്റ് ഉണ്ടായിരിക്കേണ്ടതാണ്.
    - പതിനെട്ടാം വാർഡിലെ 15 ഫയലുകൾ സോഷ്യൽഓഡിറ്റിന് വിധേയമാകിയ ഫയലുകളിൽ 5ഫയലുകളിൽ ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നില്ല

ആക്ഷൻ പ്ലാൻ കോപ്പി

- ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ചു ഓരോ ഫയലിലും അതാത് പ്രവൃത്തികൾ ഉള്പ്പെട്ട ആക്ഷൻ പ്ലാൻ പേജിന്റെ കോപ്പി ഉണ്ടായിരിക്കേണ്ടതാണ്

  വാർഡ് 18ലെ സോഷ്യൽഓഡിറ്റിന് വിധേയമാകിയ 15 ഫയലുകളിലും ആക്ഷൻപ്ലാൻ പേജ് കോപ്പി ഉണ്ടായിരുന്നില്ല.

എസ്റ്റിമേറ്റ് കോപ്പി

- ആനുവൽ മാസ്റ്റർ സര്ക്കുലർ അനുസരിച്ചു ഓരോ ഫയലിലും വിശദമായ എസ്റ്റിമേറ്റ്,ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ്,എസ്റ്റിമേറ്റ് റിപ്പോര്ട്ട്,സർവേ ഡാറ്റാ,എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

  വാര്ഡ് 18ൽ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ 15ഫയലുകളിലും വിശദമായ എസ്റ്റിമേറ്റ് ഉണ്ട്

  - തൊഴിലുറപ്പ് പദ്ധതി എന്ജിനിയരർ വിശദമായ എസിമേറ്റ് കോപ്പിയിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

  സർവേ ഡാറ്റാ,എസ്റ്റിമേറ്റ് കവർ പേജ്.ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ്,എസ്റ്റിമേറ്റ് റിപ്പോര്ട് എന്നിവ ഉണ്ടായിരുന്നില്ല.

ഭരണനുമതി

- ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ചു ഓരോ ഫയലിലും ഭരണാനുമതിയുടെ കോപ്പി ഉണ്ടായിരിക്കണം
    - ❖ വാർഡ് 18ലെ സോഷ്യൽ ഓഡിറ്റ് നടത്തിയ എല്ലാ ഫയലുകളിലും ഭരണാനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ്,സീൽ രേഖപ്പെടുത്തിയിട്ടില്ല സെക്യൂർ കോപ്പി ആണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്

സാങ്കേതികാനുമതി

- ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ചു ഓരോ ഫയലിലും സാങ്കേതികാനുമതിയുടെ കോപ്പി ഉണ്ടായിരിക്കണം
    - ❖ സാങ്കേതികനുമതിയുടെ കോപ്പി സോഷ്യൽ ഓഡിറ്റിന് വിധേയമാകിയ 15ഫയലുകളിലും സൂക്ഷിച്ചിട്ടിടുണ്ട്, ചെയർമാൻ ,കൺവീനര്,കമ്മറ്റി അംഗങ്ങൾ എന്നിവരുടെ ഒപ്പ് തിയ്യതി സീൽ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല

ഡിമാൻഡ് ഫോറം

- ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ചു ഓരോ ഫയലിലും പ്രവൃത്തി ലഭിക്കുന്നതിനായി തൊഴിലാളികൾ തൊഴിൽആവശ്യപ്പെടുന്ന ഒരു ഫോറം ഉണ്ടായിരിക്കണം

    - ❖ തൊഴിൽ അപേക്ഷ ഇല്ലാത്ത ഫയൽ

,

*1603002001/RC/272598 അഞ്ചംപീടിക പള്ളിഭാഗം റോഡ് കോണ്ഗ്രേറ്റ്

*1603002001/IF/402150കുളം നിർമാണം ഗൗതമൻ കുടിയിൽ

*1603002001/IF/385715തൊഴുതു നിർമാണം സജി പൊട്ടക്കൽ

വർക്ക് അലോക്കേഷൻ ഫോറം

- ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ചു ഓരോ ഫയലിലും തൊഴിൽ അനുവദിച്ചത് സംബന്ധിച്ച വർക്ക് ആലോക്കഷൻ ഫോറം ഉണ്ടായിരിക്കണം
    - ഓഡിറ്റിന് വിധേയമാകിയ 15 പ്രവൃത്തികളുടെ 13 ഫയലുകളിലും വർക്ക് അലോക്കേഷൻ ഫോറം ഉണ്ടായിരുന്നു. 2 ഫയലുകളും വർക്ക് അലോകേഷ്ൻ ഫോറം ഇല്ലയിരുന്നു
    - 1603002001/LD/236191 ഫാം ബണ്ട് കല്ലോടി
    - 1603002001//LD/249892 ST കോളനി ഭൂവികസനം

ഇ-മസ്റ്റർറോൾ

- ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ചു ഓരോ പ്രവൃത്തിക്കുംഇ-മസ്റ്റർ റോൾ ഉണ്ടായിരിക്കണം
    - ഓഡിറ്റിന് വിധേയമാക്കിയ 15 പ്രവൃത്തി ഫയലുകളിലും ഇ-മസ്റ്റർ റോളുകൾ സൂക്ഷിച്ചിരുന്നു.

- ❖ മസ്റ്റർ റോളുകളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി,ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പ് സീൽ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒപ്പ് രേഖപ്പെടുത്തിയ തിയ്യതി ഇല്ല
- ❖ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ സീൽ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒപ്പ് രേഖപ്പെടുത്തിയ തിയ്യതി ഇല്ല

മെഷർമെന്റ് ബുക്ക്(അളവ് പുസ്തകം)

- ➢ ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ചു ഓരോ പ്രവൃത്തിക്കും അളവ് രേഖപ്പെടുത്തുന്ന പുസ്തകം ഉണ്ടായിരിക്കണം

വേജ് ലിസ്റ്റ്

- ➢ ആനുവല് മാസ്റ്റർ സർക്കുലർ അനുസരിച്ചു ഓരോ മസ്റ്റർ റോളുകള്ക്കും വേജ് ലിസ്റ്റ് ഉണ്ടായിരിക്കണം.
  - ❖ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ 2 ഫയലുകളിലും വേജ് ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ട്
  - ❖ വേജ ലിസ്റ്റ് ഇല്ലാത്ത ഫയൽ ലിസ്റ്റ് ; 9

*1603002001/LD/236211 ഫാം ബണ്ട് അയിലമൂല

* 1603002001/LD/ഫാം ബണ്ട് പാതിരിച്ചാൽ

*1603002001/LD/236191ഫാം ബണ്ട് കല്ലോടി

∗1603002001/LD/236195 ഫാം ബണ്ട് കാവറ്റുകുഴി

∗1603002001/LD/236209ഫാം ബണ്ട് അഞ്ചംപീടിക

∗1603002001/LD/236212ഫാം ബണ്ട് മക്കോലികവല

∗1603002001/LD/236209ഫാം ബണ്ട് ആശാൻ കവല

∗1603002001/LD/236195ഫാം ബണ്ട് കുണ്ടിച്ചിറ

∗1603002001/LD/249892ST കോളനി ഭൂവികസനം

ഫണ്ട് ട്രാൻസ്ഫർ ഓർഡർ (എഫ്.ടി.ഒ)

- ഓഡിറ്റിന് വിധേയമാകിയ 15പ്രവൃത്തി ഫയലുകളിൽ 13 ഫയലുകളിലും എഫ്.ടി.ഒ ഉണ്ടായിരുന്നില്ല. 2ഫയലുകളിൽ മാത്രമാണ് എഫ്.ടി.ഓ ഉണ്ടായിരുന്നത് .

- എഫ്.ടി.ഓ ഇല്ലാത്ത ഫയൽ

- 1. 1603002001/IF/വില്ലേജ് ഭവനം
- 2. 1603002001/IF/402150കുളം നിർമാണം
- 3. 1603002001/LD/236187ഫാംബണ്ടിങ്
- 4. 1603002001/LD/236191ഫാം ബണ്ടിങ്
- 5. 1603002001/LD/236198ഫാം ബണ്ടിങ്
- 6. 1603002001/LD/236195ഫാംബണ്ടിംഗ്
- 7. 1603002001/LD/236212 ഫാം ബണ്ടിംഗ്

- 8. 1603002001/LD/236211ഫാം ബണ്ടിംഗ്
- 9. 1603002001/LD/ 236209ഫാം ബണ്ടിംഗ്

- 10. 1603002001/LD/236204ഫാം ബണ്ടിംഗ്
  11. 1603002001/LD/236199ഫാം ബണ്ടിംഗ്
- 13. 1603002001/WC/324506കുളം നിര്മാണം

ഫോട്ടോ ഗ്രാഫുകൾ

- ,ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ചു ഓരോ പ്രവൃത്തിയുടെയും മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ ഗ്രാഫുകൾ ഫയലിൽ ഉണ്ടായിരിക്കണം.
  - പ്രവൃത്തി 4 ഫയലുകളിൽ ഫോടോ ഗ്രാഫ് സൂക്ഷിച്ചിട്ടുണ്ട്. 11ഫയലിൽ ഫോട്ടോകൾ ഉൾപ്പെടുത്തയിട്ടില്ല.

  - ഫോട്ടോ ഗ്രാഫുകൾ ഇല്ലാത്ത ഫയൽ

    *1603002001/LD/2361995ഫാം ബണ്ടിംഗ്

    *1603002001/LD/23199ഫാം ബണ്ടിംഗ്

    *1603002001/LD/236204ഫാം ബണ്ടിംഗ്

    *1603002001/LD/ 236209ഫാം ബണ്ടിംഗ്

    *1603002001/LD/236211.ഫാം ബണ്ടിംഗ്

    *1603002001/LD/236212ഫാം ബണ്ടിംഗ്

*1603002001//WC/324506വയൽ കുളം

*1603002001/IF/402150കുളം നിർമാണം

*1603002001/LD/236198ഫാം ബണ്ടിങ്

*1603002001/LD/236191ഫാം ബണ്ടിങ്

*1603001001/LD/236187ഫാംബണ്ടിങ്

ജിയോ ടാഗ്ഗ് ചെയ്ത ഫോട്ടോ

- ആനുവൽ മാസ്റ്റർസര്ക്കുലർ അനുസരിച്ചു ഓരോ പ്രവൃത്തിയുടെയും ജിയോ ടാഗ്ഗ് ചെയ്ത ഒരു ഫോട്ടോ ഗ്രാഫ് എങ്കിലും ഫയലില് ഉണ്ടായിരിക്കണം.
  - ഓഡിറ്റിന് വിധേയമാക്കിയ15പ്രവൃത്തി ഫയലുകളിലും ജിയോ ടാഗ്ഗ് ചെയ്ത ഫോട്ടോ ഗ്രാഫുകൾ ഉണ്ടായിരുന്നില്ല.

പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

- ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ചു ഓരോ പ്രവൃത്തിയുടെയും പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞാല് ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദ്ധൻറെ ഓപ്പോട് കൂടിയ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ഉണ്ടായിരിക്കണം.

  പ്രവൃത്തി പൂർത്തിയായ ഫയലുകളിൽ പ്രവൃത്തി പൂര്ത്തീകരണ സാക്ഷ്യ പത്രംസൂക്ഷിച്ചിട്ടുണ്ട്

ഫയൽ ട്രാക്കിങ് ഫോറം

- ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ചു ഓരോ മസ്റ്റർ റോളുകൾക്കും ഫയൽ ട്രാക്കിങ് ഫോറംഉണ്ടായിരിക്കണം
  - ഓഡിറ്റിന് വിധേയമാക്കിയ 15 ഫയലുകളിലും ഫയൽട്രാക്കിങ് ഫോറം ഉണ്ടായിരുന്നില്ല

സൈറ്റ് ഡയറി

- ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ചു ഓരോ പ്രവൃത്തികൾക്കും സൈറ്റ് ഡയറി ഉണ്ടായിരിക്കണം
  - പരിശോധന നടത്തിയ 15ഫയലുകളിൽ സൈറ്റ് ഡയറി ഉണ്ടായിരുന്നു.

സൈറ്റ് ഡയറിയിൽ വര്ക്ക് കോഡ് ഇല്ലാത്ത ഫയൽഉണ്ടായിരുന്നില്ല

സൈറ്റ് ഡയറിയിൽ ചെക്ക് ലിസ്റ്റ് പൂർണമായും രേഖപ്പെടുത്തിയിട്ടില്ലത്ത ഫയൽ

⁕1603002001/RC/272598

⁕1603002001/LD/236199

തൊഴിലാളികളുടെ സാക്ഷ്യപത്രം ഉണ്ട് എന്നാൽ രേഖപ്പെടുത്തിയിട്ടില്ലത്ത ഫയൽഇല്ല

സന്ദർശക കുറിപ്പ് ഉണ്ട് എന്നാൽ രേഖപ്പെടുത്തിയിട്ടില്ലത്ത ഫയൽഇല്ല

സൈറ്റ്ബോർഡ് & ഫോടോഗ്രഫൈ ഫണ്ട് ദുരുപയോഗം

*1603002001/LD/2361995ഫാം ബണ്ടിംഗ്

*1603002001/LD/23199ഫാം ബണ്ടിംഗ്

*1603002001/LD/236204ഫാം ബണ്ടിംഗ്

*1603002001/LD/ 236209ഫാം ബണ്ടിംഗ്

*1603002001/LD/236211.ഫാം ബണ്ടിംഗ്

*1603002001/LD/236212ഫാം ബണ്ടിംഗ്

*1603002001//WC/324506വയൽ കുളം

*1603002001/IF/402150കുളം നിര്മാണം

*1603002001/LD/236198ഫാം ബണ്ടിങ്

*1603002001/LD/236191ഫാം ബണ്ടിങ്

*1603001001/LD/236187ഫാംബണ്ടിങ്

നിർദേശങ്ങൾ

- എല്ലാ പ്രവ്യത്തി ഫയലുകളിലും കവർപേജുകൾ ഉണ്ടായിരിക്കണം
- എല്ലാ പ്രവ്യത്തി ഫയലുകളിലും ചെക്ക് ലിസ്റ്റ് ഉണ്ടായിരിക്കണം
- ആക്ഷൻ പ്ലാനിൽ നിന്നു ബന്ധപ്പെട്ട പ്രവ്യത്തിയുടെ പേര് വരുന്ന പേജ് കോപ്പി എടുത്ത് ഫയലിൽ സൂക്ഷിക്കണം

- ഭരണാനുമതി,സാങ്കേതികനുമതി എന്നിവയുടെ കോപ്പികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തി ഫയലിൽ സൂക്ഷിക്കണം
- മസ്റ്റർ റോൾ ഫയലിൽ സൂക്ഷിക്കണം തിരുത്തുകൾ വരാതിരിക്കാൻ വേണ്ട നടപടികൾ എടുക്കണം മസ്റ്റർ റോൾ എഴുത്തുന്നതിൽ തെറ്റ് വരാതിരിക്കാൻ മേറ്റുമാർക്ക് പരിശീലനം നല്കണം.
- ഓരോ മസ്റ്റർ റോളിനും വേജ് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കണം
- ഓരോ വേജ് ലിസ്റ്റിനും ഫണ്ട് ട്രാൻസ്ഫർ ഓർഡർ(എഫ്.ടി.ഒ) ഫയലിൽ സൂക്ഷിക്കണം
- പ്രവൃത്തി പൂർത്തീകരിച്ചാൽ പൂർത്തീകരണ സാക്ഷ്യ പത്രം ഫയലിൽ സൂക്ഷിക്കണം
- മൂന്നു ഘട്ടങ്ങളിലെ ഫോട്ടോഗ്രാഫുകളും ജിയോടാഗ്ഗ് ഫോട്ടോഗ്രാഫും ഫയലിൽ സൂക്ഷിക്കണം
- സൈറ്റ് ഡയറി നിർബന്ധമായും ഫയലിൽ ഉണ്ടായിരിക്കണം
- ആനുവൽ മാസ്റ്റർ പ്ലാനിൽ പറഞ്ഞിരിക്കുന്ന 22 രേഖകളും ഫയലിൽ സൂക്ഷിക്കണം.

**ഫീൽഡ് പരിശോധന റിപ്പോർട്ട്**

മുകളിൽ പറഞ്ഞ എല്ലാ ഫാം ബണ്ടുകളും ഫീൽഡ് പരിശോധനയിൽ ഫാം ബണ്ട് ചെയ്തതായി കണ്ടില്ല പകുതിയും തോട്ടം കിളയാണ് ചെയ്തിരിക്കുന്നത്. 50 സെന്റ് കുറവ് ഭൂമി ഉള്ളവർക്ക് തോട്ടം കിളയാണ് ചെയ്തു നൽകിയിരിക്കുന്നത്. ഫാം ബണ്ടിന് പകരം തോട്ടം കിള നൽകിയാൽ വളരെ നല്ലതായിരുന്നു എന്നാണ്

തൊഴിലാളികളുടേയും,കർഷകരുടേയും ആവശ്യം .ഫാം ബണ്ട് പ്രവർത്തികൾക്ക് എല്ലാംതന്നെ സൈറ്റ് ബോർഡ് ആവശ്യമാണ് എന്നാൽ സൈറ്റ് ബോർഡ് കാണാൻ കഴിഞ്ഞില്ല.

ഫാം ബണ്ടിങ് കല്ലോടിയിൽ 2o വീടുകൾ പരിശോധിച്ചതിൽ കിളയും ബണ്ടും ചെയ്തതായി കണ്ടു 12വീട്ടിൽ ബണ്ട് ഉണ്ട്,

ഫാം ബണ്ട് പാതിരിച്ചാൽ 22 വീടുകൾ പരിശോധിച്ചതിൽ 15 സ്ഥലം ബണ്ട് ഉണ്ട്

ഫാം ബണ്ട് കുണ്ടിച്ചിറ20 വീടുകൾ പരിശോധിച്ചതിൽ ബണ്ടും കിളയും ചെയ്തിരിക്കുന്നു

ഫാം ബണ്ട് കാവട്ടുകുഴിയിൽ 27വീടുകൾ പരിശോധിച്ചു 21വീടുകൾ ബണ്ടും ബാക്കി കിളയും ചെയ്തിട്ടുണ്ട്

അഞ്ചാം പീടിക പ്രദേശത്തെ വീടുകളിൽ 15വീടുകൾ നോക്കിയതിൽ കിളയും,ബണ്ടും ചെയ്തിട്ടുണ്ട്

ആശാൻ കവല പ്രദേശത്തെ വീടുകളിൽ 27വീടുകളിൽ 2o സ്ഥലത് ബണ്ട് ഉണ്ട് ബാക്കി 7 സ്ഥലത്ത് തോട്ടംകിളയാണ് കാണാൻ സാധിച്ചത്.

അയിലൂല പ്രദേശം 15വീടുകൾ നോക്കിയതിൽ 11കിളയും 4ബണ്ട് ഉണ്ട്

മക്കോലികവല 22 വീട്ടിൽ നോക്കിയതിൽ 17 സ്ഥാലത് ബണ്ടും 5സ്ഥലത്ത് കിളയും ആണ് ചെയ്തിരിക്കുന്നത്.

പതിനെട്ടാം വാർഡിലെ അഞ്ചം പീടിക റോഡ് കോൺക്രീറ്റ് ചെയ്തിരിക്കുന്നത് 135 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും ഉള്ള റോഡ് ഉപയോഗപ്രദമായ രീതിയിൽ ആണ് കാണാൻ കഴിഞ്ഞത്.

തൊഴുത്തു നിർമ്മാണവും പണി പൂർത്തിയായി ഉപയോഗിക്കുന്ന രീതിയിൽ കണ്ടു പണി പൂർത്തിയായി.

കുളം നിർമാണം,- കുളം നിർമ്മാണം നല്ലരീതിയിൽ ചെയ്തിരുന്ന ആയിട്ടാണ് ഫീൽഡ് പരിശോധനയിൽ കണ്ടത് പതിനെട്ടാം വാർഡിലെ രണ്ട് കുളങ്ങളാണ് ചെയ്തിരിക്കുന്നത് അവ ഫീൽഡ് പരിശോധനയിൽ കൃഷി ആവശ്യത്തിനും മത്സ്യം വളർത്താൻ ഉപയോഗിക്കുന്നത് കണ്ടു.10മീറ്റർ നീളത്തിലും 8മീറ്റർ വീതിയും ഉണ്ട്. സൈറ്റ് ബോർഡ് കണ്ടില്ല

കോളനി ഭൂ വികസനവും പദ്ധതിയിലുൾപ്പെടുത്തി ചെയ്തതിന് നല്ല രീതിയിൽ ചെയ്തതായിട്ടാണ് കണ്ടത് എങ്കിലും ചിലയിടങ്ങളിൽ ചെറിയ കാടുകൾ വളർന്നിട്ടുണ്ട് ഫണ്ടിന് അനുവദിച്ച തുക എല്ലാം ലഭിച്ചതാണ് സൈറ്റ് ബോർഡ് മാത്രം കണ്ടില്ല

വില്ലേജ് ഭവന പദ്ധതിക്ക് അനുവദിച്ച തുക അനുസരിച്ച് നല്ലരീതിയിൽ ചെയ്തിരിക്കുന്നത് ആയിട്ട് കണ്ടു തുക മുഴുവനും ലഭിച്ചിട്ടുണ്ട് സൈറ്റ് ബോർഡ് കണ്ടില്ല

കൃഷിയിടങ്ങളിലെ ഫാം ബംടിങ്ങിന് പകരം തോട്ടം കിളച്ചുടുകയാണെങ്കിൽ ജലം ഭുമിയിലേക്ക് ഇറങ്ങുന്നതിനും നൂതന കൃഷികൾ ചെയ്യുന്നതിനുസഹായകരമണെന്ന് ഗുണഭോക്തകൾ അഭിപ്രായപ്പെട്ടു. തൊഴിലുറപ്പ് പ്രവർത്തി എസ്റ്റിമേറ്റ് തയ്യാറക്കുമ്പോൾ കർഷകരുടെ അഭിപ്രായം കണി ക്കിലെടുക്കണമെന്ന് നിർദ്ദേശംകുടി വന്നു

1. പറമ്പുകളിൽ മണ്ണൊലിപ്പ് തടയാൻ സഹായകരമായി.

2. മഴവെള്ളത്തെ ഒഴികി പോകാതെ സ്വന്തം കൃഷിയിടത്ത് തന്നെ ശേഖരിക്കാൻ സാധ്യമായി

3. ഒരു വർഷം കഴിഞ്ഞ് വിണ്ടും തകരാർ വന്ന ബഡ് പുന നിർമ്മിക്കണം

മണ്ണെലിപ്പ് തടയന്നതിനും മഴവെള്ളം സ്വന്തം കൃഷി സ്ഥലത്ത് തന്നെ ശേഖരിക്കുന്നതിനും ഫാം ബടിംഗ് സഹായിച്ചു. പ്രവർത്തി കഴിഞ്ഞ് പിന്നീട് സമയ സമയങ്ങളിൽ അത് പുന നിർമ്മിക്കേണ്ടത് നിർമ്മിക്കുകയും പ്രവർത്തി സ്ഥലം പ്രവേശനം സാധ്യമാക്കുകയു ചെയ്താൽ പദ്ധന്തി പുർണ്ണ വിജയം ആണ്. പ്രവർത്തി കഴിഞ്ഞ് നാശമായത് പുനർ നിർമ്മിക്കാത്തത് പദ്ധന്തിയുടെ ന്യുനതയാണ്.

നിർദേശങ്ങൾ

- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിലുകളാണ് തൊഴിലാളികൾ പ്രവ്യത്തി സ്ഥലത്തു ചെയ്യുന്നത് എന്നു ഉറപ്പ് വരുത്തണം.
- പ്രവ്യത്തി ചെയ്യുന്ന സമയത്ത് നിർദേശങ്ങൾ നല്കാന് സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച ആളുടെ സന്ദർശനം നിർബന്ധമാകണം.

- ❖ പ്രവൃത്തി ചെയ്ത സ്ഥലത്തെ അളവുകൾ രേഖപ്പെടുത്തിയതിന് ശേഷം മാത്രം എം.ബുക്ക് എഴുതുക.
- ❖ അതാത് പ്രവൃത്തികൾ ചെയ്യേണ്ട സമയങ്ങളിൽ മാത്രം ചെയ്യുന്നതിനായി പ്ലാൻ തയ്യാറാകുക
- ❖ കർഷകരുടെ ഭൂമിയിൽ ചെയ്യുന്ന പ്രകൃതി വിഭവ പരിപാലന പ്രവൃത്തികൾ ശാസ്ത്രീയമായി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ❖ സൈറ്റ് ഡയറികളിൽ സന്ദർശന വിവരങ്ങൾ സാങ്കേതിക വിദഗ്ദ്ധർ നിർബന്ധമായും രേഖപ്പെടുത്തണം.
- ❖ പദ്ധതി ആരംഭ മീറ്റിങ്ങുകൾ നടക്കുന്ന സമയങ്ങളിൽ സാങ്കേതിക വിദഗ്ദ്ധര് പങ്കെടുക്കുകയും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെ വിശദ വിവരങ്ങൾ തൊഴിലാളികളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- ❖ ഓഫീസിൽ മസ്റ്റർ റോളുകളും സൈറ്റ് ഡയറിയും സ്വീകരിക്കുമ്പോൾ എല്ലാ കാര്യങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട് എന്നു പരിശോധിക്കേണ്ടതാണ്

## 7 രജിസ്റ്ററുകൾ

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ
2. ഗ്രാമസഭ രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ

4. പ്രവൃത്തിയുടെ ലിസ്റ്റും,ചെലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. സാധന രജിസ്റ്റർ

പഞ്ചായത്തിലെ 7 രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നു കണ്ടെത്തിയ കാര്യങ്ങൾ

തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ

- കവർപേജ് ഉണ്ടായിരുന്നു
- സെക്യൂറിൽ നിന്നു പ്രിൻറ് എടുത്ത് സൂക്ഷിച്ചിരിക്കുന്നു.
- കൃത്യമായി പരിപാലിച്ചിട്ടുണ്ട്

ഗ്രാമ സഭ രജിസ്റ്റർ

അനുവൽ മാസ്റ്റർ സെർസുലർ പ്രകാരം തൊഴിറാപ് പ്രത്യേകം ഗ്രാമ സഭ രജിസ്റ്റർ സുക്ഷിചിട്ടില്ല

ഗ്രാമസഭ രജിസ്റ്ററിൽ 2018-19 വർഷത്തിൽ 1 ഗ്രാമസഭകൾ നടത്തിയിട്ടുണ്ട്.

- 03/11/2018 നു മഹാത്മഗാന്ധി ദേശിയ തോഴിലുറപ്പ് പധതി ആക്ഷൻ പ്ലാൻ ലേബർ ബഡജറ്റ് അഗീകരികൽ
  110 പേർ പങ്കെടുത്തു
  മിനുറ്റ്സ് ക്ലോസ്സ് ചെയ്തിട്ടില്ല

തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ചുള്ള രജിസ്റ്റർ

- സെക്യൂർ  നിന്നുള്ള കോപ്പി സൂക്ഷിച്ചിട്ടുണ്ട്
- കവർപേജ് ഉണ്ടായിരുന്നു

പ്രവൃത്തിയുടെ ലിസ്റ്റും ചെലവും വിശദാംശങ്ങളും സംബന്ധിച്ച്

- ഫയലിൽ 2018 മെയ് 15 വരെയുള്ള വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ

സ്ഥിര ആസ്തികളുടെ രജിസ്റ്റർ

- ആസ്തി രജിസ്റ്ററിൽ 2018-19 സാമ്പത്തിക വർഷത്തെ ഒരു ആസ്തിയുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

പരാതി രജിസ്റ്റർ

❖ പരാതികൾ രേഖപ്പെടുത്തിയിട്ടില്ല

സാധനരജിസ്റ്റർ

- കവർപേജ് ഉണ്ടായിരുന്നു
- 2018-19 വർഷത്തെ ലിസ്റ്റ് ഉണ്ടായിരുന്നു
- സെക്യൂർ കോപ്പിയാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്

**ഗ്രാമസഭയുടെ അംഗീകാരം**

27/11/2019 ന് കല്ലോടി വായനശാലയിൽ കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ തൊഴിലാളികളിൽ ഒരാളായ കുഞ്ഞിക്കണ്ണൻ

അധ്യക്ഷനായി. റിസോഴ്സ് പേഴ്സൺമാർ അവതരിപ്പിച്ച റിപ്പോർട്ട് ഗ്രാമസഭ സമഗ്രമായി ചർച്ച ചെയ്തു.

**ഗ്രാമസഭയിൽ ഉണ്ടായ നിർദ്ദേശങ്ങൾ**

1) തൊഴിൽ വേതനം 271 ൽ നിന്നും ഉയർത്തുക.

2) കൃഷിക്ക് അനുയോജ്യമായ പദ്ധതികൾ നടപ്പാക്കുക അവ ഏതൊക്കെ എന്ന് തീരുമാനിക്കാൻ തൊഴിലാളികൾക്കു അവസരം നൽകുക

3) തൊഴിലാളികളുടെ അവകാശങ്ങൾ നടപ്പാക്കുക ഓരോ അവകാശത്തെപ്പറ്റിയും കൃത്യമായ അറിവുകൾ നൽകുക

4) ഫയലിൽ സൂക്ഷിക്കേണ്ട രേഖകൾ കൃത്യമായി സൂക്ഷിക്കുക

5) വേതനം തൊഴിൽ ചെയ്ത് കഴിഞ്ഞ ഉടനെ ലഭ്യമാക്കണം

6)വിഎംസി അംഗങ്ങൾക്ക് ദിവസക്കൂലി നൽകുണമെന്ന് വി.എംസി ആംഗങ്ങൾ നിർദേശം വച്ചു.

7)ജനറൽ വിഭാഗങ്ങളിലെ തൊഴിൽ ദിനം 100 ൽ നിന്നും ഉയർത്തണമെന്ന് തൊഴിലാളികൾ നിർദേശിച്ചു.

8)കന്നുകാലി വളർത്തൽ തൊഴിൽ ഉറപ്പിൽ ഉൾപെടുത്തണമെന്ന് തൊഴിലാളികൾ നിർദേശിച്ചു.

9)തൊഴിൽ സമയം4.30 വരെ ആക്കി കുറക്കണമെന്ന് തൊഴിലാളികൾ നിർദേശിച്ചു.

10)എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ ലഭ്യമാക്കണമെന്ന് തീരുമാനിച്ചു.

**തീരുമാനങ്ങൾ**

1)vmc അംഗങ്ങൾ കൃത്യമായി പദ്ധതികളുടെ പ്രവർത്തനം സൈറ്റ് വിസിറ്റിംഗ് നടത്തിയതിനുശേഷം മാത്രം ഉറപ്പാക്കുക.

2) പരാതികൾ കൃത്യമായി രീതിയിൽ നൽകാൻ തീരുമാനിച്ചു.

3) പദ്ധതി ആസൂത്രണത്തിൽ തൊഴിലാളികളെയും ഉൾപ്പെടുത്താൻ തീരുമാനമായി

4)പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രേഖകൾ കൃത്യമായി സൂക്ഷിക്കുക

5)ഓരോ പ്രവർത്തിയെ സംബന്ധിച്ച് മേറ്റുമാർക് കൃത്യമായ വിശദമായ അറിവുകൾ നൽകുക

6)തൊഴിലാളികൾ തൊഴിൽ ആരംഭം മുതൽ അവസാനം വരെ സൈറ്റിൽ ഉണ്ടാകേണ്ടതാണ്

7)പ്രവർത്തിയെ സംബന്ധിച്ച സൈറ്റ് ബോർഡുകൾ കൃത്യമായി യഥാസമയം സ്ഥാപിക്കുക

8)പ്രവർത്തിയെ സംബന്ധിച്ച 3 ഘട്ടങ്ങളിലെ ഫോട്ടോസ് കൃത്യമായി സൂക്ഷിക്കുക

9)പ്രഥമ ശുശ്രുഷ കിറ്റ്, തണൽ സൗകര്യം എന്നിവ മുൻപ് ലഭിച്ചിരുന്നപോലെ തുടർന്നും ലഭ്യമാക്കണമെന്ന് ഗ്രാമസഭ തീരുമാനിച്ചു.

10)തൊഴിലിടത്ത് വച്ച് ഉണ്ടാകുന്ന അപകടങ്ങൾക്ക് ചിലിൽസ സഹായം ലഭ്യമാക്കണമെന്ന് തീരുമാനിച്ചു.

11)എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ ലഭ്യമാക്കണമെന്ന് തീരുമാനിച്ചു.

**തയ്യാറാക്കിയത്**

**സോഷ്യൽ ഓഡിറ്റ് ടീം**

**മാനന്തവാടി ബ്ലോക്ക്**